# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1971

05/10/2016 -ൽ മറുപടിക്ക്

# ജലനിധി പദ്ധതികളിൽ നിന്നും കണക്ഷൻ

## ചോദ്യം

ശ്രീ. പി.ടി.എ.റഹീം

(എ) ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളിൽ നിന്നും, കിണറോ കുടി വെള്ളത്തിന് മറ്റ് വഴികളോ ഇല്ലാത്ത വർക്ക് കണക്ഷൻ നൽകാൻ വ്യവസ്ഥ യുണ്ടോ; ഇത്തരം അപേക്ഷകൾ ഗുണ ഭോക്തൃ സമിതികൾ നിരസിക്കുന്നത് പ്രയാസം സൃഷ്ടിക്കുന്നതായി സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാ ക്കാമോ?

## മറുപടി

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) ഉണ്ട്;
ഗ്രാമീണ മേഖലയിൽ കുടിവെള്ളക്ഷാമം നേരിടുന്ന മേഖലയിൽ ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് കുടിവെള്ളമെത്തി ക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ജലനിധി പദ്ധതി ആസൂത്രണം ചെയ്തിട്ടു ള്ളത്. പ്രവൃത്തി പൂർത്തീകരിച്ച ജലനിധി കുടിവെള്ള പദ്ധതികളിൽ പുതിയ അപേ ക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രായോഗികത പരിശോധിച്ച് കണക്ഷൻ നല്കുന്ന കാര്യ ത്തിൽ അതാത് ഗുണഭോക്തൃസമിതി കൾക്ക് തീരുമാനമെടുക്കാനുള്ള വ്യവസ്ഥ സമിതി നിയമാവലിയിലുണ്ട്. എന്നാൽ ചില സമിതികൾ അത്തരം അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിക്കുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങനെ യുള്ള പരാതികൾ ലഭിക്കുമ്പോൾതന്നെ വിവരം പഞ്ചായത്ത് സെക്രട്ടറിയെ അറി യിക്കുകയും പരാതി പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേ ശിക്കുകയും ചെയ്യാറുണ്ട്. കൂടാതെ ജലനിധി രണ്ടാംഘട്ടത്തിൽ കുടിവെള്ള പദ്ധതിയുടെ തുടർനടത്തിപ്പുമായി ബന്ധ പ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിലും സംസ്ഥാന തല ത്തിലും പരാതി പരിഹാര കമ്മിറ്റികൾ/ സെല്ലുകൾക്ക് രൂപം നല്കിയിട്ടുണ്ട്. അത്തരം കമ്മിറ്റികൾ ജലനിധി ഒന്നാംഘട്ട പദ്ധതികൾക്കും കൂടി ബാധകമാക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

JSK/